## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4610 — 28.6.2013-ൽ മറുപടിക്ക്

### മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചും 1994-ലെ കേരള മുനിസ്സിപ്പൽ രാജ് ആക്ട് അനുസരിച്ചും മാലിന്യ സംസ്കരണം ഏർപ്പെടുത്തേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. കൂടാതെ 2011-ൽ നഗരപാലിക ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ വിശേഷിച്ച് കച്ചവട സ്ഥാപനങ്ങളിൽ അവരവർ തന്നെ നിർമ്മാർജ്ജനം ചെയ്യണമെന്നതാണ് വ്യവസ്ഥ. ഇതിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപങ്ങളിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നവർക്ക് സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡിയായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. |
| ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രവർത്തനം തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; | ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനെതിരെ പരിസരമലിനീകരണപ്രശ്നം ഉന്നയിച്ച് തദ്ദേശവാസികൾ ഉയർത്തുന്ന എതിർപ്പാണ് ഇക്കാര്യത്തിലുള്ള പ്രധാന തടസ്സം. |
| സി) എങ്കിൽ ആയത് ദൂരീകരിച്ച് പദ്ധതികളുമായി മുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) ജനങ്ങളിൽ ശരിയായ രീതിയിൽ അവബോധം ഉണ്ടാക്കി ജനങ്ങളുടെ ഭാഗത്തു നിന്നുള്ള സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രമം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ